മാതൃഭൂമി ആഴ്ചപ്പതിപ്പ്

പുസ്തകം: 52 1974 ഡിസംബർ 15 ലക്കം: 39

# പ്രജ്ഞാചക്രം

**ശുഷ്കവും നിർവികാരവുമായ വിജ്ഞാനം എത്ര ഗഹനമായാലും ശ്രേഷ്ഠമായ അനുഭൂതിയുടെ ഫലം ചെയ്യുകയില്ല**

ഡോ: കെ. ഭാസ്കരൻ നായർ

നസ്റുദ്ദീൻ വീടിന്റെ മുൻവശത്തുള്ള തെരുവിൽ ബദ്ധപ്പെട്ട് എന്തോ തിരയുന്നതു കണ്ടു പരിചയക്കാർ ചോദിച്ചു:

''എന്താണ് തിരയുന്നത്?''

നസ്റു: ''എന്റെ താക്കോൽ കാണുന്നില്ല.''

പരി: ''എവിടെയാണ് വെച്ചതെന്നറിയാമോ?''

നസ്റു: ''അറിയാം. വീട്ടിനകത്താണ്, തീർച്ച''

പരി: ''പിന്നെ എന്തിനു വഴിയിൽ തിരയുന്നു?''

നസ്റു: ''ഇവിടെയാണ് വെളിച്ചമുള്ളത്!''

നസ്റുദ്ദീൻ മഠയനാണെന്നു തോന്നും. അല്ല, മഹാസിദ്ധനാണ്. ഈ കഥ അർത്ഥഗർഭമായ ഒരു അന്യാപദേശവും. മനുഷ്യാത്മാവിനെ മുക്തിയിലേയ്ക്കു നയിക്കുന്ന കവാടത്തിന്റെ താക്കോലാണ് നസ്റുദ്ദീൻ ബദ്ധപ്പെട്ട് തിരയുന്നതായി ഭാവിച്ചത്. തെരുവു ബാഹ്യലോകവും, അവിടെയുള്ള വെളിച്ചം ബുദ്ധിയുടെ പ്രകാശവും ആകുന്നു. അന്തരംഗത്തിന്റെ ഇരുട്ടറകളിൽ മറഞ്ഞിരിക്കുന്ന ഈ താക്കോൽ ആധുനികമനുഷ്യൻ തന്റെ ബുദ്ധിയുടെ തീക്ഷ്ണപ്രഭകളിൽ തിളങ്ങുന്ന ബാഹ്യലോകത്തിൽ തിരഞ്ഞു നടക്കുന്ന സമ്പ്രദായത്തെ പരിഹസിക്കുകയാണ് മായാവിലാസങ്ങളുടെ മറുകര കണ്ട നസ്റുദ്ദീൻ ചെയ്തത്.

അതിമനോഹരമായ ഈ അന്യാപദേശം ഇന്നത്തെ ലോകത്തിന്റെ ദുർഗതിയെ നിസ്തുലമായി ചിത്രീകരിക്കുന്നതോടൊപ്പം അതനുഭവിക്കുന്ന മഹാസങ്കടങ്ങൾക്കുള്ള പ്രതിവിധിയും നിർദ്ദേശിക്കുന്നു. മനുഷ്യബുദ്ധിയുടെ ദിഗ്വിജയം ചന്ദ്രഗോളത്തേയും പിന്നിട്ട് സൗരയൂഥത്തിന്റെ അന്തിമസീമകൾ വരെ ചെന്നെത്തിയിരിക്കുകയാണെങ്കിലും ഈ ലോകം ദുഃഖനിമഗ്നമാണ്. ജീവിതത്തിന്റെ അർത്ഥവും, ഇരുണ്ടും വെളുത്തും അടിക്കടി ഇല്ലാതാകുന്ന ഈ പ്രഹേളികയുടെ രഹസ്യവും മനുഷ്യരാശിക്ക് ഇനിയും മനസ്സിലായിട്ടില്ല. സത്യത്തിൽ ഇതാണ് എല്ലാ ദുഃഖങ്ങളുടേയും മൂലകാരണം. ബുദ്ധിയുടേയും യുക്തിയുടേയും യുഗം എന്നു വിളിക്കുന്ന ആധുനികകാലത്തു ലോകത്തിന്റെ ദുഃഖങ്ങൾ ശതഗുണീഭവിച്ചിരിക്കുകയാണ്. അഴിമുഖത്തെ ശാന്തമായ ജലപ്പരപ്പിൽ അല്ലലില്ലാതെ തുഴഞ്ഞു കളിച്ച കൈവഞ്ചി സമുദ്രഗർത്തങ്ങളുടെ ഉൾവലിവിന്റെ പിടിയിൽ പെട്ട് സുനിശ്ചിതമായ അത്യാപത്തിലേയ്ക്ക് ആനയിക്കപ്പെടുന്നതു പോലെയുള്ള അനുഭവമാണ് എല്ലാവർക്കും ഉണ്ടാകുന്നത്. ഓരോരുത്തരും ഓരോരോ കാരണങ്ങളുടെ പേരിൽ അന്യരെ പഴിക്കുന്നു. ഭൂമിയിലെ വിഭവങ്ങൾ വീണ്ടുവിചാരമില്ലാതെ തിന്നു തീർക്കുന്നതിനും വ്യവസായവിഷങ്ങൾ കൊണ്ടു സ്ഥലജലങ്ങളേയും വായുമണ്ഡലത്തേയും ദുഷിപ്പിക്കുന്നതിനും പിൻകിടരാജ്യക്കാർ പരിഷ്കൃതരാഷ്ട്രങ്ങളെ കുറ്റപ്പെടുത്തുന്നു. അവരാകട്ടെ തിരിഞ്ഞ് നിന്നു, ഈച്ചകളെപ്പോലെ പെറ്റുപെരുകി ലോകത്തെ വീർപ്പു മുട്ടിച്ച് ഭൂമിഭാരവും ദുരിതഭാരവും വർദ്ധിപ്പിക്കുന്നതിന് പിൻകിടരാജ്യക്കാരെ പഴിക്കുന്നു. സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും ഇന്നും മരീചികകളായി ശേഷിക്കുന്നു. ഈ ദുഃസ്ഥിതിയോർത്ത്, ജീവിക്കുവാനെന്ന പോലെ മരിക്കുവാനും മനുഷ്യന്ന് അനിഷേധ്യമായ അവകാശമുണ്ടെന്നംഗീകരിക്കണമെന്ന് നോബൽ സമ്മാനം നേടിയ ശാസ്ത്രജ്ഞന്മാർ വാദിക്കുന്നു. ജീവിതത്തിന്റെ പ്രാഥമികവും അടിസ്ഥാനപരവുമായ ആവശ്യങ്ങൾ തന്നെ നിർവഹിക്കുവാൻ നിവൃത്തിയില്ലാത്ത ചുറ്റുപാടുകളിൽ ഭാവിയെക്കുറിച്ചുള്ള ചിന്തയും പ്ലാനിങ്ങും വികസനയത്നങ്ങളുമെല്ലാം കഥയില്ലായ്മയാണെന്ന് പൊതുജനം മുറുമുറുക്കുന്നു.

''ഹാ! വർത്തമാനത്തെയിട്ടു
ചീയിക്കയോ
ഭാവിക്കടയ്ക്കൽ വളംവെച്ചു
കൊള്ളുവാൻ?''


എന്ന ചോദ്യം പല രാജ്യങ്ങളിലും കേട്ടുതുടങ്ങിയിരിക്കുന്നു. താൻ ചത്തു മീൻപിടിക്കുന്ന ഈ ബുദ്ധിശൂന്യതക്കും തൽഫലമായ നാകയാതനകൾക്കും അറുതിയില്ലേ എന്നു സാധുജനങ്ങൾ നിലവിളിക്കുന്നു.

ഈ ദുഃഖങ്ങളെല്ലാം ഓരോ മനുഷ്യനും സ്വയം സൃഷ്ടിക്കുന്നതാണ്. അതനുഭവിക്കുന്നതും അവൻ തന്നെ. സമൂഹങ്ങളുടേയും, രാഷ്ട്രങ്ങളുടേയും സാമ്രാജ്യങ്ങളുടേയും ദുഃഖങ്ങൾ ഉൽപ്രേക്ഷകളാണ്. വ്യക്തികൾക്കു മാത്രമേ വേദനയറിയുന്ന—അനുഭവിക്കുന്ന—ആത്മാവുള്ളൂ. ഇന്നത്തെ സാമൂഹികവ്യവസ്ഥിതിയിൽ ഈ പ്രാഥമികസത്യം പോലും വിസ്മരിക്കപ്പെട്ടിരിക്കുകയാണ്. ഉള്ളിലെ വേദനകൾക്കു വെളിയിലെ ലോകത്തിൽ പ്രതിവിധി കണ്ടുപിടിക്കുവാനുള്ള പരിശ്രമങ്ങളും പരാക്രമങ്ങളുമാണ് ലോകമാകെ നടക്കുന്നത്. ഈ വൈരുദ്ധ്യങ്ങളുടെ നേർക്കുള്ള പ്രതികരണമായിട്ടാണ് ബുദ്ധിയുടേയും യുക്തിയുടേയും വൈഭവങ്ങളെ നിഷേധിക്കുന്ന ഒരു എതിർസംസ്കാരം പല പാശ്ചാത്യരാജ്യങ്ങളിലും നിലവിൽ വന്നത്. ആദ്യകാലത്ത് യുവജനങ്ങളെ ലക്ഷക്കണക്കിൽ ഹിപ്പികളും കാമലോലുപരും ലഹരിപ്രിയന്മാരുമാക്കി, ധിക്കാരവും നിഷേധവും പ്രചരിപ്പിച്ച ഈ പുതിയ യുഗധർമ്മത്തിന്ന് അടുത്ത കാലത്തായി അല്പമൊരു അയവു വന്നിട്ടുണ്ട്. ഇന്ന് അതിന്റെ തത്വശാസ്ത്രവും പ്രയോഗപദ്ധതികളും രൂപവൽക്കരിക്കുന്നതിനു വേണ്ടി ഗൗരവബുദ്ധിയോടുകൂടിയുള്ള പരിശ്രമങ്ങൾ തുടങ്ങിയിട്ടുള്ളതായി കാണുന്നു. പാശ്ചാത്യമനുഷ്യൻ നാലു നൂറ്റാണ്ടുകളായി ലോകമാകെ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന പുത്തൻ പരിഷ്കാരത്തിന്ന് ഒരു മറുവശമില്ലേ എന്ന അന്വേഷണം കാര്യമായി നടക്കുകയാണ്. അതിന്റെ ആദർശങ്ങൾക്കും ഉപദർശനങ്ങൾക്കും മാത്രമേ 'സത്യത'യും സാധുതയും ഉള്ളു എന്നും, അന്യ സംസ്കാരങ്ങളുടെ ജീവിതവീക്ഷണങ്ങളും തത്വജ്ഞാനങ്ങളും അബദ്ധജടിലമായ അന്ധവിശ്വാസങ്ങളാണെന്നും ഉള്ള അഭിപ്രായത്തിന്, ബുദ്ധിശാലികളുടെ ഇടയ്ക്കെങ്കിലും, ഇളക്കം തട്ടിയിരിക്കുന്നു. ഈ പരിവർത്തനത്തിന്റെ ഒരംശത്തെക്കുറിച്ചാണ് ഈ ലേഖനത്തിൽ സംക്ഷിപ്തമായി പ്രതിപാദിക്കുന്നത്.


## തലച്ചോറ് എന്ന അൽഭുതം

മനുഷ്യന്റെ പ്രപഞ്ചബോധത്തിന്റേയും, ആ ബോധത്തെപ്പറ്റിയുള്ള ബോധത്തിന്റേയും (ഇതിനു ഞാൻ പ്രജ്ഞ എന്ന പദം ഉപയോഗിക്കുന്നു) അടിസ്ഥാനം അവന്റെ തലച്ചോറാണ് (മസ്തിഷ്കം) തലയോടിനകത്ത് സുരക്ഷിതമായി സ്ഥിതി ചെയ്യുന്നതും, ശരാശരി 1450 ഗ്രാം ഭാരമുള്ളതുമായ ഈ അവയവത്തെപ്പോലെ അൽഭുതകരമായ മറ്റൊരു വസ്തുപിണ്ഡം അറിയപ്പെട്ടിട്ടില്ല. ഗർഭകാലം മുതൽക്കുള്ള അതിന്റെ വളർച്ചയേയും, അതിന്റെ അതിസങ്കീർണമായ പ്രവർത്തനത്തേയുംകുറിച്ച് വിപുലമായ ജ്ഞാനം ശാസ്ത്രത്തിനു

Digitized by Kerala Sahitya Akademi




ചിത്രം 1: പൂർവമസ്തിഷ്കത്തിൻെറ അർദ്ധഗോളങ്ങളും അവയുടെ സേതുബന്ധവും




ചിത്രം 2: സേതുബന്ധം ഛേദിച്ച് ഇടത്തെ അർദ്ധഗോളം വേർപെടുത്തിയാൽ ഉൾവശത്തു നിന്നുള്ള വലത്തെ അർദ്ധഗോളത്തിൻെറ കാഴ്ച

ലഭിച്ചിട്ടുണ്ട്. എന്നാൽ ഇന്നും അതൊരു അൽഭുതവസ്തുവായിത്തന്നെ ശേഷിക്കുന്നു. വളരേയധികം വാഴ്ത്തപ്പെടുന്ന ഈ കംപ്യൂട്ടർ യുഗത്തിൽ പോലും അതിൻെറ വൈഭവങ്ങളെ സമീപിക്കുവാൻ കഴിവുള്ള ഒരു ഉപകരണവും മനുഷ്യൻ നിർമ്മിച്ചിട്ടില്ല. ഭ്രൂണത്തിൽ ഈ അവയവം ആദ്യമുണ്ടാകുന്നതു് തൊലിപ്പുറത്തു്, വെളിയിലേയ്ക്കു് അഭിമുഖമായിട്ടാണ്. അതു പിന്നെ, ഇലയിൽ പരത്തിയ അട മടക്കുന്നതു പോലെ, വെളുമ്പുകൾ കൂട്ടിച്ചേർന്ന് ഒരു കുഴലായി, ശരീരത്തിൻെറ ഉള്ളിലേയ്ക്കു നീങ്ങുന്നു. അവിടെ അതു് ഉരുണ്ടു വീർത്ത് എല്ലുകൊണ്ടുള്ള ഒരു ആവരണത്താൽ പൊതിയപ്പെട്ടു പ്രവർത്തനം തുടങ്ങുന്നു. മനുഷ്യൻെറ കാര്യത്തിൽ ഈ അവയവത്തിൻെറ ഏററവും പ്രകടവും പ്രധാനവുമായ ഭാഗം അതിൻെറ മേൽവശത്തുള്ള പൂർവ്വമസ്തിഷ്കമാണ്. ഉപരിതലത്തിൽ അനേകം ചുളിവുകളോടെ വീർത്തിരിക്കുന്ന ഈ ഭാഗം തലച്ചോറിൻെറ മററു ഭാഗങ്ങളേയെല്ലാം മറയ്ക്കുന്നു.

ശരീരത്തിന് ഇടത്തും വലത്തുമെന്ന് രണ്ടു വശങ്ങൾ ഉള്ളതുപോലെ മസ്തിഷ്കത്തിനും രണ്ടു പാർശ്വങ്ങളുണ്ട്. ഈ ഉഭയപാർശ്വതം തലച്ചോറിൽ മുഴുവനും കാണുന്നതുകൊണ്ട് അതൊരു ഇരട്ടയവയവമാണെന്നുതന്നെ പറയാം. എന്തിനാണ് പ്രകൃതി ഇങ്ങിനെയൊരു ഇരട്ടത്തലച്ചോറ് നിർമ്മിച്ചിരിക്കുന്നതെന്നു തികച്ചും വ്യക്തമല്ല. ശരീരത്തിൻെറ ഉഭയപാർശ്വതം അതിലും കാണുന്നു എന്നേ പറയാനുള്ളു. പക്ഷേ, ഈ ലക്ഷണം ശരീരത്തിലെ എല്ലാ അവയവങ്ങളും പ്രദർശിപ്പിക്കുന്നില്ല. ദഹനേന്ദ്രിയങ്ങൾ—ആമാശയവും കുടലും കരളും ഒന്നും—ഇരട്ടയല്ല. അതു നിൽക്കട്ടെ; നമുക്കു സിദ്ധമായ വസ്തുതകളെ പരിശോധിക്കാം.

ബാഹ്യലോകത്തിൽ നിന്ന് പഞ്ചേന്ദ്രിയങ്ങളിലൂടെ വന്നെത്തുന്ന സന്ദേശങ്ങളെ കൈകാര്യം ചെയ്ത്, അവയ്ക്ക് അനുരൂപവും സന്ദർഭത്തിനു യോജിച്ചതുമായ പ്രതികരണങ്ങളെ ജനിപ്പിച്ച്, ശരീരചേഷ്ടകൾക്കു വേണ്ട നിയോഗങ്ങൾ നൽകുകയാണ് തലച്ചോറിൻെറ ധർമ്മം. എല്ലാ ജന്തുക്കളുടേയും ജീവിതചേഷ്ടകളിൽ കാണുന്ന അടിസ്ഥാനപരമായ ഈ പ്രക്രിയ മനുഷ്യനിൽ വളരെയധികം പുഷ്ടിയെ പ്രാപിച്ച് അതിസങ്കീർണ്ണമായി പരിഷ്കരിക്കപ്പെട്ടിരിക്കുന്നു. മനുഷ്യജീവിതത്തിലെ മാനസികപ്രവർത്തനങ്ങളുടെയും ബുദ്ധിവൈഭവത്തിൻെറയും ആസ്ഥാനമാണ് പൂർവ്വമസ്തിഷ്കം. അതിൻെറ ഓരോ പാർശ്വത്തെയും അർദ്ധഗോളം എന്നു വിളിക്കുന്നു. ഓരോ അർദ്ധഗോളവും ഏറെക്കുറെ സ്വതന്ത്രമായി പ്രവർത്തിക്കുവാൻ കഴിവുള്ളതാണെങ്കിലും, രണ്ടിനും തമ്മിൽ കുറുകെയുള്ള ഒരു ബന്ധമുണ്ട്. ഈ ബന്ധത്തെ നമുക്ക് സേതു എന്നു വിളിക്കാം. 1—ം 2—ം ചിത്രങ്ങൾ നോക്കുക. രണ്ടാം ചിത്രത്തിൽ വലത്തെ അർദ്ധഗോളത്തിൻെറ അകത്തു വശത്ത് നടുവെ മുറിച്ച സേതുവാണ് കാണിച്ചിരിക്കുന്നത്. ഇതു മുഴുവനും ഞരമ്പുനാരുകളാണ്. അവയുടെ ആകെ എണ്ണം പത്തു ലക്ഷത്തിൽ അധികം വരുമെന്നു കാണുന്നു. അർദ്ധഗോളങ്ങൾക്കു തമ്മിൽ സന്ദേശങ്ങൾ അയയ്ക്കുവാനുള്ള ഒരുപകരണമാണ് ഇതെന്നു സ്പഷ്ടമാണ്. പക്ഷേ, ശസ്ത്രക്രിയ ചെയ്ത് സേതുബന്ധം ഛേദിച്ചാലും അർദ്ധഗോളങ്ങൾ പ്രവർത്തിക്കും.

## സ്വസ്തികബന്ധം

ഓരോ അർദ്ധഗോളവും ശരീരത്തിൻെറ എതിർവശത്തെയാണ് നിയന്ത്രിക്കുന്നത്. അതായത് ഇടത്തെ അർദ്ധഗോളം ശരീരത്തിൻെറ വലതു പാർശ്വത്തെയും, വലത്തെ അർദ്ധഗോളം ഇടതു പാർശ്വത്തെയും. വലത്തു കണ്ണിൽ നിന്നുള്ള സന്ദേശങ്ങൾ ഇടത്തെ അർദ്ധഗോളത്തിലേയ്ക്കാണ് പോകുന്നത്. ഇടത്തു കണ്ണിൽ നിന്നുള്ളതു വലത്തെ അർദ്ധഗോളത്തിലേയ്ക്കും. കണ്ണിൻെറ മാത്രമല്ല ചെവിയുടെയും മററു ഇന്ദ്രിയങ്ങളുടെയും മാംസപേശികളുടെയും എല്ലാം നിയന്ത്രണം വിചിത്രമായ ഈ രീതിയിലാണ് സംഭവിക്കുന്നത്. ഇതു മനുഷ്യശരീരത്തിൻെറ മാത്രം സവിശേഷതയല്ല. നട്ടെല്ലുള്ള ജന്തുക്കളിലെല്ലാം ഇതാണ് സ്ഥിതി. ജീവിതവൃത്തികളുടെ നിയന്ത്രണത്തിൽ മസ്തിഷ്കത്തിൻെറയും ശരീരത്തിൻെറയും പാർശ്വങ്ങൾക്കു തമ്മിലുള്ള ഈ സ്വസ്തിക ബന്ധം (ഇത് ഒന്നാം ചിത്രത്തിൽ അമ്പടയാളങ്ങൾ കൊണ്ട് കാണിച്ചിരിക്കുന്നു) മനുഷ്യൻെറ കാര്യത്തിൽ അതിപ്രധാനമായ ചില പ്രതിഭാസങ്ങൾക്ക് കാരണമായിരിക്കുന്നു. ഓരോ അർദ്ധഗോളത്തിനും മററതിൻെറ എല്ലാ വൈഭവങ്ങളും ഉണ്ടെന്നാണ് സങ്കല്പം. പക്ഷേ, മനുഷ്യപരിണാമത്തിൽ വലത്തു കൈയ്ക്കുണ്ടായ പ്രാമാണ്യം ഇടത്തെ അർദ്ധഗോളത്തിനു ലഭിച്ചിരിക്കുന്നു. ആൾക്കുരങ്ങുകളുടെ, വിശേഷിച്ചും ഗൊറില്ലയുടെ, ചേഷ്ടകളിലും ഇങ്ങിനെയുള്ള ഏകപാർശ്വപ്രാമാണ്യത്തിൻെറ സൂചനകൾ കാണാനുണ്ടെന്നു പറയുന്നു. എന്നാലും മനുഷ്യനിലാണ് ഇത് ജീവിതധർമ്മങ്ങളെ അടിമുടി ബാധിക്കുന്ന ഒരു സവിശേഷതയായി പരിണമിച്ചിരിക്കുന്നത്. ഇടത്തെ അർദ്ധഗോളം അത്യധികമായ പ്രാമാണ്യം നേടി ജീവിതവൃത്തികളിൽ സർവ്വപ്രധാനമായിത്തീർന്നിരിക്കുന്നു.

ഇടത്തെ അർദ്ധഗോളത്തിനു കേടു പററിയ മനുഷ്യൻ ഭാഷ പ്രയോഗിക്കുന്നതിനും ഗ്രഹിക്കുന്നതിനും കഴിവില്ലാത്തവനായിത്തീരുമെന്ന് വൈദ്യശാസ്ത്രജ്ഞന്മാർ പണ്ടേ മനസ്സിലാക്കിയിട്ടുള്ളതാണ്. പക്ഷേ, ഈ പ്രതിഭാസത്തിൻെറ ഗൗരവം എത്രത്തോളമുണ്ടെന്ന് അടുത്ത കാലത്ത് അല്പാല്പമായി വെളിപ്പെട്ടു വരുന്നതേയുള്ളു. അതു ശരീരചേഷ്ടകളെ മാത്രമല്ല, പ്രജ്ഞയെയും പ്രതിഭയെയും പ്രപഞ്ചവീക്ഷണത്തെയും എല്ലാം തകിടം മറിക്കുമെന്നാണ് കാണുന്നത്. ഭാഷാഗ്രഹണത്തിനും ഭാഷണത്തിനും വേണ്ടി അത്യധികം പരിഷ്കരിക്കപ്പെട്ടിരിക്കുന്ന വാമാർദ്ധ ഗോളമാണ് മനുഷ്യൻെറ ദൈനംദിനാനുഭൂതികളുടെയും ജീവിതധാരണകളുടെയും ചിന്തനത്തിൻെറയും ആസ്ഥാനം. അതിൻെറ പ്രവർത്തനത്തെ ആശ്രയിച്ചാണ് നമ്മുടെ സാധാരണജീവിതം നിലനിൽക്കുന്നതെന്നു ചുരുക്കം. പക്ഷേ, ഇരുമ്പു പാളത്തിൽ ഓടുന്ന തീവണ്ടിയുടെ ഗതിപോലെയാണ് അതിൻെറ പ്രവർത്തനം. കച്ചവടത്തിനു പോകുന്നവനും കല്യാണത്തിനു പോകുന്നവനും കാശിയ്ക്കു പോകുന്നവനും എല്ലാം ഒരേ പാതയിലൂടെ സഞ്ചരിക്കണം. അതിൽ നീക്കുപോക്കില്ല, വ്യതിചലനമില്ല. ഒരേ പാത, ഒരേ ലക്ഷ്യം. ഇടത്തെ അർദ്ധഗോളം പൂർവ്വാപര ബോധത്തിനും, കാര്യകാരണബന്ധത്തിനും, ഇവയെ ആധാരമാക്കിയുള്ള അപഗ്രഥന ചിന്തയ്ക്കും വേണ്ടി പരിഷ്കരിക്കപ്പെട്ടിരിക്കുകയാണെന്നു കാണുന്നു. സത്യത്തിൽ ഇവയെല്ലാം ഭാഷാമൂല്യങ്ങളിലും ഭാഷണശീലത്തിലും അധിഷ്ഠിതമായ ധാരണകളാണ്. ബാഹ്യലോകത്തിൽ നിന്നു വരുന്ന എല്ലാ സന്ദേശങ്ങളും അറിവുകളും ഈ ധാരണകളുടെ മൂശയിൽ വീഴുന്നു. ചിന്തയും ജ്ഞാനവുമെല്ലാം അവയുമായി ഇണങ്ങണം. ഇണങ്ങിയില്ലെങ്കിൽ ഇണക്കണം. അതും സാദ്ധ്യമല്ലെങ്കിൽ ത്യജിക്കണം. മനുഷ്യരാശിയിൽ മഹാഭൂരിപക്ഷവും വാമാർദ്ധഗോളത്തെ മുഖ്യമായി ആശ്രയിച്ച്, അതിൻെറ നിയോഗങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസരണമായി ജീവിക്കുന്നവരാണ്. ഈ അർദ്ധമസ്തിഷ്കത്തിൻെറ സർവ്വാധിപത്യംമൂലം മറെറാരു പ്രപഞ്ചബോധവും ജീവിതവീക്ഷണവും സാദ്ധ്യമാണെന്നുപോലും അവർ അറിയുന്നില്ല. അതിനു കേടു വന്നാൽ അവരുടെ ഭാഷണം നിലയ്ക്കുന്നു; പ്രപഞ്ചം തകരുന്നു, ജീവിതം നിരർത്ഥകമായിത്തീരുന്നു.

## ഒരാളിൽ രണ്ട് വ്യക്തികൾ?

പൂർവ്വമസ്തിഷ്കത്തിൻെറ വലത്തെ അർദ്ധഗോളം ഇടത്തേതിൻെറ പ്രതിഛായ മാത്രമാണെന്നാണ് അടുത്ത കാലംവരെ



Digitized by Kerala Sahitya Akademi

# ഇരുട്ടും വെളിച്ചവും

മലയേഷ്യാ രാമകൃഷ്ണപിള്ള

പാതിരാ കഴിഞ്ഞിട്ടും കുറയുന്നീല, കൊച്ചു—
പൈതലിൻ കരച്ചിലതേറെയാകുകയത്രേ.
നാഴിക നാലഞ്ചായി, ദുഃസ്വപ്നമേതോ കണ്ട—
പോലവൻ ഞെട്ടിപ്പിടഞ്ഞുണർന്നു കരയുന്നു.
(ഉണ്ടായിരുന്നു കുഞ്ഞിന്നൽപാല്പം പനിച്ചൂടു
രണ്ടു നാളുകളായിസ്സാരമാക്കിയില്ലൊട്ടും.)
ഭയന്നതാവാം ഭസ്മം ജപിച്ചു തൂവീ മെയ്യി—
ലയൽവീട്ടിലെച്ചിററമാന്ത്രികൻ വൈകീടാതെ.
ഉറക്കെക്കരയുന്നോമനക്കുഞ്ഞെന്നിട്ടും
വിറയ്ക്കും കൈയാൽ ഗ്രൈപ്പ്‌വാട്ടറേകിനാളമ്മ.
അമ്മിഞ്ഞ നുണയുന്നതില്ല, തട്ടിമാററുന്നു
കൺമണി,യെന്താകിലുമതു ചെയ്യുമാറില്ല.
എന്തു ചെയ്യേണ്ടു, മാറിൽ കിടത്തി മന്ദം മന്ദം
ചന്തിക്കു തട്ടിത്തട്ടിത്താരാട്ടു പാടാൻ നോക്കി.
ഇല്ലേതുമൊരു ഫലം, പിഞ്ചുകൈവിരൽ വായിൽ—
ത്തള്ളിക്കൊണ്ടുഴകയാണവൻ തൻ ജീവാങ്കുരം.
കിടക്കുന്നില്ല തെല്ലുമടങ്ങി,ക്കാൽമുട്ടുകൾ
മടക്കിപ്പിടിക്കുന്നു ചിലപ്പോൾ പുളയുന്നു.
വയററിൽ തൊടീക്കുന്നതില്ല, പൂമൃദുമേനി
വിയർപ്പിൽ കുളി,ച്ചീയം പോലെ ഹാ തണുത്തല്ലോ.
പുകയും റാന്തലിൻെറയിരുട്ടിലവൾ മനം
പുകഞ്ഞു നിന്നാൾ കയ്യിൽക്കുഞ്ഞിനെത്താങ്ങിക്കൊണ്ടേ.
(എങ്ങും വൈദ്യുതിയില്ല, നാടന്ധകാരത്തിലും—
എൻജിനീയർമാർ സമരത്തിലാ,ണവർ മാത്രം
എന്തിനു കല്യാണം ജന്മാവകാശം, സ്വത—
ന്ത്ര്യത്തിൽ പൗരന്മാർക്കിന്നെന്തിനില്ലവകാശം)

രണ്ട്

തിടുക്കിട്ടാസ്പത്രിയിൽ പോകുവാൻ ഭർത്താവു കാ—
റെടുത്തു, സ്ഥലത്തുള്ളൊരെഞ്ചിനീയറാണയാൾ
ആളൊഴിഞ്ഞതാം റോഡിലൂടവർ വാണം പോലെ
ചീളെന്നു ചീറിപ്പാഞ്ഞു ചെന്നെത്തിയാസ്പത്രിയിൽ.
പെട്ടെന്നു ഡാക്ടർക്കാളുപോയദ്ദേഹം വന്നു
കുട്ടിയെപ്പരിശോധിച്ചോതിനാൻ സഗൗരവം :
''അപ്പെൻഡിക്സ് പഴുത്തുപോയ്, സീരിയസ് കേസാണുട—
നോപ്പറേഷൻ ചെയ്യാലേയാശയ്ക്കു വകയുള്ളു''
വൈദ്യുതിയില്ല, വെള്ളമില്ല, രക്തവുമില്ല
വൈദ്യനെന്തു താൻ ചെയ്യും——പെട്രോമാക്സിനായ് ചിലർ
പരക്കം പാഞ്ഞാർ——കുഞ്ഞിൻ ജീവനിററിററായ് ഓരോ
ഞരക്കത്തിലും കൂടെ ചോർന്നു പോകുകയല്ലി.
ഒക്കെയും നിശ്ശൂന്യമായെന്നപോൽ ഉന്മാദത്തിൻ—
വക്കോളം തെന്നിച്ചെന്നൊരാവരാകിയാമമ്മ,
ചോരൻെറ മുൻപിൽ പിശുക്കൻപോലെ തൻ ജീവിത—
സാരമാം നിധികെട്ടിപ്പിടിച്ചുകൊണ്ടേ നിന്നാൾ.

മൂന്ന്

പുറത്തു പോകാൻ വെമ്പിച്ചിറകിട്ടടിക്കുന്ന
ചെറുപക്ഷിയെക്കൂട്ടിൽ തടഞ്ഞു രക്ഷിക്കുവാൻ,
കിണഞ്ഞുയത്നിച്ചാനാഡോക്ടറെന്നിട്ടും വിള—
ക്കണയുന്നതും നോക്കിനില്ക്കാനേ കഴിഞ്ഞുള്ളു.
ചെററുവൈകിയിട്ടത്രേ വെളിച്ചമെത്തി, ചുററും
പററിനിന്നതാമിരുട്ടവൾ തന്നുള്ളിൽ തിങ്ങി
ഓപ്പറേഷനായുള്ള മേശയക്കുമാരൻെറ
ദീർഘനിദ്രയ്ക്കു ശയനീയമായെന്നേവേണ്ടു.
കണ്ണാൾ മിഴിച്ചമ്മനില്ക്കവേ, കാൽക്കീഴിലേ
മണ്ണാരോട്ടുരുന്നപോൽ താഴത്തു വീണാൾ പാവം
ചോരവാർന്നൊരുമുഖം കുനിച്ചു വിഷണ്ണനായ്
ചാരവേ നില്ക്കും ഭർത്താവവളെത്താങ്ങിക്കൊണ്ടാൻ,
സാന്ത്വനിപ്പിക്കാൻ, സ്വയം ശപിച്ചു ശപി,ച്ചാത്മ—
കാന്ത തൻ തോളിൽ തലോടീടിനാൻ, സമ്മൂർച്ഛയിൽ
ആണ്ടുപോകവേ,ച്ചൊന്നാൾ നിസ്വയാമമ്മാതാവു
'വേണ്ടെ,ന്നെത്തൊടേ,ണ്ടെൻെറ കുഞ്ഞിനെക്കൊന്നു നിങ്ങൾ.''

---

കരുതപ്പെട്ടിരുന്നത്. അങ്ങിനെ വിചാരിക്കുവാൻ പല ന്യായങ്ങളും ഉണ്ടായിരുന്നുതാനും. ശൈശവത്തിൽ വാമാർദ്ധഗോളത്തിനു കേടു സംഭവിച്ചാൽ ഭാഷണധർമ്മം വലത്തെ അർദ്ധഗോളം ഏറെറടുക്കുമെന്ന് തെളിഞ്ഞിട്ടുണ്ട്. ഇങ്ങനെയുള്ളവർക്ക് പ്രായപൂർത്തിയിൽ ശസ്ത്രക്രിയ ചെയ്ത് ഇടത്തെ അർദ്ധഗോളം മാററിക്കളഞ്ഞാലും ഭാഷണശക്തി ഇല്ലാതാകുന്നില്ല. അതുപോലെ ഇടത്തുകൈയന്മാരിൽ പലരുടേയും ഭാഷണശക്തി തലച്ചോറിൻെറ വലത്തു വശത്താണ് കേന്ദ്രീകരിച്ചിരിക്കുന്നതെന്നു കാണുന്നു. ഈ വസ്തുതകളുടെ അർത്ഥം ശൈശവത്തിൽ രണ്ട് അർദ്ധഗോളങ്ങളും സമസ്വഭാവമുള്ളവയും ഏതു വഴിക്കു വേണമെങ്കിലും പരിഷ്കരിക്കപ്പെടാവുന്നവയും ആണെന്നാണ്. പിൽക്കാലത്തെ വളർച്ചയിലാണ് അവ ഭിന്നസ്വഭാവങ്ങളുള്ളവയായിത്തീരുന്നത്. ഇതിൻെറ ഫലമായി മാനസികധർമ്മങ്ങൾക്ക് ഒരു ദ്വന്ദ്വഭാവം തന്നെ കൈവരുന്നു. പ്രായമായ മനുഷ്യൻെറ തലച്ചോറിൽ ശസ്ത്രക്രിയ ചെയ്തു സേതുബന്ധം ഛേദിച്ച് അർദ്ധഗോളങ്ങളെ വേർപെടുത്തിയാൽ, ഒരേ ശരീരത്തിൽ രണ്ടു വ്യക്തികൾ ജീവിക്കുന്ന അനുഭൂതിയുണ്ടാകുന്നു. ഈ അനുഭൂതി ഏറെക്കുറെ മാനസികമായ ഒരുതരം അർദ്ധനാരീശ്വരത്വമാണെന്നു തന്നെ നിർവ്വചിക്കാവുന്നതാണ്. വിപുലമായ അർത്ഥത്തിൽ, തലച്ചോറിൻെറ ഇടത്തുവശം പുരുഷസ്വഭാവത്തേയും വലത്തുവശം സ്ത്രീസ്വഭാവത്തേയും പ്രദർശിപ്പിക്കുന്നു. അഹങ്കാരപ്രധാനവും അപഗ്രഥനശീലവുമായ വാമാർദ്ധഗോളത്തിൻെറ കാര്യം പറഞ്ഞു കഴിഞ്ഞു. അടുത്തതായി വലത്തെ അർദ്ധഗോളത്തിൻെറ സ്വഭാവം പരിശോധിക്കാം.

അതു സന്ദേശങ്ങളെ ഒററയൊററയായും ഒന്നിനു പുറകെ ഒന്നായുമല്ല, വ്യൂഹങ്ങളായി സാകല്യേന കൈകാര്യം ചെയ്യുന്നതിനു വേണ്ടി പരിഷ്ക്കരിക്കപ്പെട്ടിരിക്കുന്നതായിട്ടാണ് കാണുന്നത്. സംഗീതവും നൃത്തവും മററു കലകളും അതിൻെറ നിയന്ത്രണത്തിൽ പെടുന്നു. അവിടെ കാലബോധമല്ല സ്ഥലബോധമാണ് പ്രാമാണ്യം നേടിയിരിക്കുന്നത്. സമകാലികമായ സംവിധാനത്തിൻെറയും സമഗ്ര രൂപത്തിലുള്ള സംശ്ലേഷണത്തിൻെറയും മൂല്യങ്ങൾ മുന്നിട്ടു നിൽക്കുന്നു. ഈ അർദ്ധഗോളത്തിൻെറ ധർമ്മങ്ങൾ സൗമ്യസ്വഭാവങ്ങളാണ്. അതിനു കേടു പററിയ ആളുകൾ ബുദ്ധിയും യുക്തിയും സംഭാഷണചാതുര്യവും ഒരു കുറവുമില്ലാതെ പ്രദർശിപ്പിക്കുമെങ്കിലും അവർക്ക് വസ്തുക്കളെയും സ്ഥലങ്ങളെയും പരിചയക്കാരെയും തിരിച്ചറിയുവാൻ കഴിവില്ലാതാകുന്നു. ചിലർക്ക് വസ്ത്രം ധരിക്കുവാൻ തന്നെ മററുള്ളവരുടെ സഹായം വേണം. സ്വന്തം ശരീരത്തെക്കുറിച്ചുള്ള ബോധം നഷ്ടപ്പെടുന്നതു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത്തരം രോഗികൾ ഒരു മൂളിപ്പാട്ടുപോലും പാടുകയില്ല. മനുഷ്യമസ്തിഷ്ക്കത്തിൻെറ ഈ വലത്തെ പകുതി, വെറുതെ മുൻകരുതലായി മാത്രം നിവേശിപ്പിച്ചിട്ടുള്ളതല്ലെന്നും, അതിൽ വാമാർദ്ധഗോളത്തിൻേറതിൽ നിന്ന് പാടെ ഭിന്നമായ മനഃശക്തികളും ജീവിതാനുഭൂതികളും കുടി



Digitized by Kerala Sahitya Akademi

കൊള്ളുന്നുണ്ടെന്നും, അവയെ പുഷ്ടിപ്പെടുത്താതെ വിട്ടിരിക്കുന്നതുകൊണ്ടാണ് ഇന്നത്തെ മനുഷ്യന്റെ പ്രജ്ഞാചക്രത്തിൽ അവയ്ക്ക് സ്ഥാനം ലഭിക്കാത്തതെന്നും ആധുനികശാസ്ത്രം അംഗീകരിച്ചു തുടങ്ങിയിരിക്കുന്നു. ബുദ്ധിയുടെ പ്രകാശത്തിൽ നിന്ന് അതിന്റെ തീക്ഷ്ണതയാൽത്തന്നെ ആച്ഛാദിതമായി, ഇതുവരെയും ഭൗതികശാസ്ത്രത്തിന്റെ നേത്രരശ്മികൾ കടന്നുചെന്നിട്ടില്ലാത്ത ഇരുട്ടിൽ ആണ്ടുകിടക്കുന്ന, ഈ മനോമണ്ഡലമാണ് സഹജാവബോധത്തിന്റെയും അപ്രത്യക്ഷജ്ഞാനത്തിന്റെയും യോഗാനുഭൂതികളുടെയും ആസ്ഥാനമെന്ന്, ഇവയെ അന്ധവിശ്വാസങ്ങളെന്ന് മുൻവിധി കല്പിച്ച് അവഗണിക്കാത്ത ചില ശാസ്ത്രജ്ഞന്മാരെങ്കിലും ഇപ്പോൾ വാദിക്കുന്നുണ്ട്. ഈ പുതിയ വീക്ഷണഗതിയുടെ പ്രതീകമായിട്ടാണ് മഹാസിദ്ധനായ നസറുദീന്റെ കഥ ഈ ലേഖനത്തിന്റെ ആരംഭത്തിൽ ഉദ്ധരിച്ചത്.

## അർത്ഥമറിയാത്ത ഒരു നാടകം


പകലും രാത്രിയും ചേർന്ന് പൂർണ്ണദിവസം ഉണ്ടാകുന്നതു പോലെ രണ്ട് അർദ്ധഗോളങ്ങളുടെയും ശക്തികൾ വികസിച്ച് പൊരുത്തപ്പെട്ടു നിന്നാൽ മാത്രമേ മനുഷ്യജന്മം സഫലമാവുകയുള്ളു. ആധുനികമനുഷ്യന്റെ പ്രജ്ഞയിൽ മികച്ചു നിൽക്കുന്ന കാലാനുഭൂതിയുടെയും ഉൽക്കണ്ഠയുടെയും വ്യർത്ഥതാബോധത്തിന്റെയും കാരണം അത് (പ്രജ്ഞ) അവന്റെ വാമാർദ്ധഗോളത്തിൽ മാത്രം വേരുറച്ചു നിൽക്കുന്നു എന്നതാണ്. അതിൽ, നിർത്താതെ വർത്തമാനം പറയുന്ന ഒരു തരം 'യന്ത്രകളി' നടന്നുകൊണ്ടിരിക്കുന്നു. ഈ വിചിത്ര നാടകം എന്തിനെന്നും, അതിന്റെ അർത്ഥമെന്തെന്നും ആർക്കും നിശ്ചയമില്ല. എന്നാലും ആരും ആ അരങ്ങിന്റെ മുമ്പിൽ നിന്നു മാറുന്നില്ല. അവിടത്തെ തീവെട്ടി പ്രകാശത്തിൽ നിന്നുകൊണ്ടുതന്നെ ഈ രഹസ്യങ്ങൾ മനസ്സിലാക്കാമെന്നും, മനസ്സിലാക്കണമെന്നും എല്ലാവരും നിശ്ചയിച്ചിരിക്കുകയാണ്. എന്തുകൊണ്ടെന്നാൽ, "അവിടെയാണ് വെളിച്ചമുള്ളത്!"

ഈ വെളിച്ചം—ബുദ്ധിയുടെ പ്രകാശം—ദീർഘമായ ജന്തുപരിണാമത്തിനിടയ്ക്ക് ജീവിത മത്സരത്തിൽ വിജയം നേടുന്നതിനു വേണ്ടി പ്രോജ്ജ്വലിപ്പിച്ചതാണ്. അതു കാലത്തിന്റെ, നശ്വരതയുടെ, ഉപകരണമാണ്. അതിന്റെ രശ്മികൾ കളിവട്ടത്തിന്റെ അപ്പുറത്തേയ്ക്കു എത്തുന്നില്ല. അക്കാരണത്താൽ തന്നെ അതിന്റെ സത്യത്തെ വെളിപ്പെടുത്താതിരിക്കുകയും ചെയ്യുന്നു. "ഹിരണ്മയേന പാത്രേണ സത്യസ്യാപിഹിതം മുഖം." (സ്വർണ്ണവർണ്ണമായ പാത്രത്താൽ സത്യത്തിന്റെ മുഖം മൂടപ്പെട്ടിരിക്കുന്നു) എന്ന് ഈശാവാസ്യോപനിഷത്ത് പറയുന്നതിന്റെ അർത്ഥം ഇതാകുന്നു.

യതോ വാചോ നിവർത്തന്തേ
അപ്രാപ്യ മനസാ സഹ

എന്ന തൈത്തരീയത്തിലെ പ്രസ്താവനയുടെ ആന്തരാർത്ഥവും മറ്റൊന്നല്ല. "കാലത്തിന് ഒരു വിരാമമുണ്ടാകണം" എന്ന് ഷേക്സ്പിയർ (Henry IV-I) പറയുന്നു. മനസ്സിന്റെ കാലബോധം ഇല്ലാതാകണം എന്നു സാരം. ഇതിനുള്ള ഉപായം പൂർവമസ്തിഷ്കത്തിന്റെ വലത്തെ അർദ്ധഗോളത്തിൽ മറഞ്ഞുകിടക്കുകയാണ് അതിനെ കണ്ടെടുത്ത് പുഷ്ടിപ്പെടുത്തി, കാലബോധമില്ലായ്മയുടെ, നിത്യതയുടെ, ശുദ്ധാനുഭൂതിയിൽ രമിക്കുവാൻ മനുഷ്യൻ ശീലിക്കണം.

തത്ത്വജിജ്ഞാസയാൽ പ്രേരിതനായി തന്റെ ശിഷ്യത്വം സ്വീകരിച്ച കാസ്റ്റനേഡയോട് ആചാര്യനായ ഡോൺ ജുവാൻ പറഞ്ഞു: "നീ നിന്റെ ഇടതടവില്ലാത്ത ഈ വർത്തമാനം നിർത്തണം. നീ മിണ്ടാതിരിക്കുമ്പോഴും ഉള്ളാലെ സംസാരിക്കുകയാണ്. അനുസ്യൂതമായി അകമെ നടക്കുന്നതിന്റെ സംഭാഷണമാണ് നീ കാണുന്ന രൂപത്തിൽ ഈ ലോകത്തെ നിലനിർത്തുന്നത്. അതു നശിച്ചാൽ മാത്രമേ നിനക്ക് ശാശ്വതസത്തയുടെ നിത്യനിസ്തുലമായ അനുഭൂതി കൈവരുകയുള്ളു. പകൽവെളിച്ചത്തിന്റെ തിളക്കത്തിലല്ല, ഇരുട്ടിന്റെ സഹായത്തോടെയാണ് നീ സത്യത്തെ കാണുവാൻ ശ്രമിക്കേണ്ടത്." ശാസ്ത്രവിദ്യാർത്ഥിയായ കാസ്റ്റനേഡ വാമാർദ്ധഗോളത്തെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവനാണ്. ഡോൺ ജുവാൻ, നേരെ മറിച്ച്, വലത്തെ അർദ്ധഗോളത്തിന്റെ ശക്തികളെ പൂർണ്ണമായി പുഷ്ടിപ്പെടുത്തി, അവ നൽകുന്ന അനുഭൂതികളിൽ ഉറച്ചുനിന്ന്, നാമരൂപങ്ങളിൽ നിന്നു ജനിക്കുന്നതും നിതാന്തനശ്വരവുമായ ഈ ദൈനംദിന ലോകത്തിൽ, വെള്ളത്തിലെ താമരയെപ്പോലെ, നിർലേപനായി കഴിയുന്നു.



ചൈനക്കാരുടെ യിൻ—യാങ്ങ് എന്ന പ്രാചീനസങ്കല്പത്തിന്റെ ചിത്രരൂപം

ചൈനക്കാരുടെ പ്രസിദ്ധമായ യിൻ—യാങ്ങ് എന്ന പ്രാചീന സങ്കല്പം പ്രജ്ഞയുടെ ദ്വന്ദ്വസ്വഭാവത്തെ പരാമർശിക്കുന്നതാണ്. അതിന്റെ ചിത്രരൂപത്തിലുള്ള പ്രതീകം പ്രസ്തുത ഭാവങ്ങളുടെ പരസ്പരപൂരകമായ ബന്ധത്തെയും കാണിക്കുന്നു. അതിലെ വെളുപ്പ് നിത്യസത്യത്തിന്റെ നിർമ്മലപ്രകാശമല്ല, ബുദ്ധിയുടെ മിന്നാമിനുങ്ങൊളിയാണ്. അതിന്റെ കേന്ദ്രബിന്ദുവിൽ അന്ധകാരം ഉറഞ്ഞുകൂടി നിൽക്കുന്നു. അതുപോലെ ചിത്രത്തിലെ കറുപ്പ് അന്ധതമസ്സുമല്ല. ആനയെ തപ്പിനോക്കിയ കുരുടന്മാരുടെ അവധാരണത്തിന്മേൽ വീണ കരിംതിരശ്ശീലയാണത്. അതിന്റെ പിന്നിൽ ആന എന്ന ഉൺമ നിലനിൽക്കുന്നു.

## പ്രജ്ഞയെ പരിഷ്കരിക്കാമോ?

പരിശീലനം കൊണ്ട് മനുഷ്യന്റെ പ്രജ്ഞയെ പരിഷ്കരിക്കാമെന്നും, അവനു മുമ്പ് ഉണ്ടായിട്ടില്ലാത്തവയും അത്ഭുതകരങ്ങളുമായ അനുഭൂതികൾ കൈവരുത്താമെന്നും ഉള്ള വിശ്വാസം എല്ലാ സംസ്കാരങ്ങളിലും ഇന്നും നിലനിൽക്കുന്നുണ്ട്. ആധുനിക കാലത്ത് ലോകമാകെ പ്രചരിച്ച ഭൗതികശാസ്ത്ര സംസ്കാരം മാത്രമേ ഈ വിശ്വാസത്തെ നിഷേധിച്ചിട്ടുള്ളു! പക്ഷേ അതിന്റെ ഈ മനോഭാവവും മാറുകയാണ്. സാധാരണഗതിയിൽ നമ്മുടെ പ്രജ്ഞയ്ക്ക് വിഷയമാകാത്ത ശരീരധർമ്മങ്ങളെ അഭ്യാസം കൊണ്ട്, അതിന്റെ സ്വാധീനതയിൽ കൊണ്ടുവരാമെന്നും, ഇഷ്ടാനുസാരം നിയന്ത്രിക്കാമെന്നും ശാസ്ത്രീയ പരീക്ഷണങ്ങൾ തെളിയിച്ചിരിക്കുന്നു. ഹൃദയസ്പന്ദനവും ശ്വാസഗതിയും ശരീരത്തിന്റെ താപനിലയും ഇന്ന് ഹഠയോഗികൾ മാത്രമല്ല പ്രത്യേക പരിശീലനം നേടിയ അമേരിക്കൻ ശാസ്ത്രവിദ്യാർത്ഥികളും നിയന്ത്രിച്ചു കാണിക്കും! 'യോഗി രാമ' എന്ന ഭാരതീയൻ കാലിഫോർണിയയിൽ വെച്ച് തന്റെ ശരീരത്തിലെ രണ്ടു സ്ഥാനങ്ങളുടെ താപനിലകൾക്കു തമ്മിൽ ഒരേ സമയത്ത് പതിനൊന്നു ഡിഗ്രി വ്യത്യാസം വരുത്തിക്കാണിച്ചപ്പോൾ അത് ശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ അസാധ്യമാണെന്നു പറഞ്ഞ്, വെറും കള്ളവിദ്യയാണെന്നു പുച്ഛിക്കുകയാണ് അവർ ആദ്യം ചെയ്തത്. ബൈക്കോവ് എന്ന റഷ്യൻ ശാസ്ത്രജ്ഞൻ 1924 മുതൽക്ക് ഈ വിഷയത്തിൽ നടത്തിക്കൊണ്ടിരുന്ന പരീക്ഷണങ്ങളെ അവർ കാര്യമായി പരിഗണിക്കുവാൻ തുടങ്ങിയത് ഇതിനു ശേഷമാണ്. ഇന്ന് ഈ പരീക്ഷണങ്ങൾ മനുഷ്യരിൽ മാത്രമല്ല എലികളിലും വിജയകരമായി നടത്താമെന്ന് റോക്കഫെല്ലർ സർവ്വകലാശാല (ന്യൂയോർക്ക് നഗരം)യിലെ രണ്ടു ശാസ്ത്രജ്ഞന്മാർ തെളിയിച്ചിട്ടുണ്ട്. ഹൗഡിനി എന്ന ലോകപ്രസിദ്ധനായ ഇന്ദ്രജാലക്കാരൻ തന്നെയിട്ടു പൂട്ടി പുഴയിൽ താഴ്ത്തിയ ഇരുമ്പുപെട്ടിയിൽ നിന്നു രക്ഷപ്പെടുവാൻ ഉപയോഗിച്ച വിദ്യയും ഇതായിരുന്നുവത്രെ. പൂട്ടിന്റെ താക്കോൽ വിഴുങ്ങുവാനും അത് ഇഷ്ടംപോലെ തികട്ടിയെടുക്കുവാനും അയാൾ ശീലിച്ചിരുന്നു എന്നാണ് പറയുന്നത്.

ഇതെല്ലാം അപരോക്ഷാനുഭൂതികളുടെ അത്ഭുതലോകത്തിലേയ്ക്കുള്ള ഭൗതികശാസ്ത്രത്തിന്റെ ആദ്യത്തെ ചുവടുകൾ മാത്രമാണ്. ശാസ്ത്രത്തിന്റെ ഈ മനഃപരിവർത്തനം സന്തോഷകരമാണെങ്കിലും അതിൽ ആപത്തിനുള്ള സാധ്യതകളും ഇല്ലാതില്ല. എന്തുകൊണ്ടെന്നാൽ ഈ അനുഭൂതികളെയും ബുദ്ധിയുടെ തെരുവു വെളിച്ചത്തിലേയ്ക്ക് വലിച്ചിഴച്ചു കൊണ്ടുവന്ന് വാക്കുകളുടെയും യുക്തിയുടെയും കളിപ്പാട്ടങ്ങളാക്കി മാറ്റുന്നതുകൊണ്ട് കുറെ വസ്തുനിഷ്ഠജ്ഞാനം കൂടി സമ്പാദിക്കാമെന്നല്ലാതെ ലോകത്തിന്റെ ദുഃഖത്തെ ശമിപ്പിക്കുവാൻ സാധിക്കുകയില്ല. ശുഷ്കവും നിർവികാരവുമായ വിജ്ഞാനം, എത്ര ഗഹനമായാലും, ശ്രേഷ്ഠമായ അനുഭൂതിയുടെ ഫലം ചെയ്യുകയില്ല. സ്വപ്നം കണ്ടു കരയുന്നവനെ തൊട്ടുണർത്തി സമാശ്വസിപ്പിക്കുന്നതു പോലെ, പ്രജ്ഞാ ചക്രത്തെ വികസിപ്പിച്ച്, ദൈനംദിന ജീവിതത്തിന്റെ വ്യാകുലതകളിൽ മുഴുകിക്കിടക്കുന്ന മനുഷ്യചേതനയെ ഉന്മീലനം ചെയ്ത് അവയുടെ മായാസ്വരൂപം അനുഭവബോധ്യമാക്കിയാൽ മാത്രമേ ലോകത്തിനു മുക്തിയുള്ളു.



Digitized by Kerala Sahitya Akademi